**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.965** 09.08.2017 **ൽ മറുപടിയ്ക്ക്**

**ലഹരി വർജ്ജന മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**ശ്രീ.വി.ഡി.സതീശൻ**<br>**ശ്രീ.എൽദോസ് പി.കുന്നപ്പിള്ളിൽ**<br>**ശ്രീ.കെ.എസ്.ശബരീനാഥൻ** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ**<br>**(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ലഹരി വർജ്ജന മിഷൻ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | രൂപീകരിച്ചിട്ടുണ്ട്. മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ട് കേരള സംസ്ഥാന ലഹരി വർജ്ജനമിഷൻ വിമുക്തി പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിവരിക്കുമോ; | (ബി) | സമൂഹത്തിന്റെ സമസ്തമേഖലകളിലും വ്യാപരിക്കുന്ന വിപത്തായി മാറിയിട്ടുള്ള മദ്യം, മയക്കുമരുന്ന്, പുകയില എന്നിവയുടെ ഉപയോഗം കുറച്ചുകൊണ്ടുവരുന്നതിനും നിയമവിരുദ്ധമായി ലഹരി വസ്തുക്കൾ കൈകാര്യം ചെയ്യുന്നത് കണ്ടെത്തി ഇല്ലായ്മ ചെയ്യുന്നതിനുമാണ് വിമുക്തി മിഷൻ ലക്ഷ്യമാക്കുന്നത്. നിരന്തരമായ ബോധവത്ക്കരണപ്രവർത്തനങ്ങളിലൂടെ യുവജനങ്ങളെയും, വിദ്യാർത്ഥികളെയും ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ ബോധ്യപ്പെടുത്തി ലഹരിയുടെ നീരാളിപിടുത്തത്തിൽ നിന്നും മോചിപ്പിക്കുക എന്നതാണ് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി'യുടെ പ്രധാനലക്ഷ്യം. മദ്യ-മയക്കുമരുന്ന്- പുകയില ഉൽപ്പന്നങ്ങളുടെ ഉപഭോഗത്തിനെതിരെയുള്ള അതിശക്തമായ പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാനും, നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ ശേഖരണം, കടത്തൽ എന്നിവയുടെ ഉറവിടം കണ്ടെത്തി അവ ഇല്ലായ്മ ചെയ്യുന്നതിനുമായി ബഹുജന പ |

| | | | |
|---|---|---|---|
| | | | ങ്കാളിത്തത്തോടുകൂടി ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ഡി-അഡീക്ഷൻ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുകയും ചെയ്യുക എന്നതാണ് വിമുക്തി പദ്ധതി.<br>അതിനോടനുബന്ധിച്ച് സ്കൂൾ/കോളേജ് ലഹരി വിരുദ്ധ ക്ളബ്ബുകൾ, എസ്.പി.സി, എൻ.എസ്.എസ്, കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജനസമിതികൾ, സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന - മഹിളാ സംഘടനകൾ എന്നിവയുടെ പങ്കാളിത്തത്തോടു കൂടി 'ലഹരി മുക്ത കേരളം' സൃഷ്ടിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. വിവിധ ജില്ലകളിൽ വിമുക്തി പദ്ധതിയുടെ മേൽ നോട്ടം വഹിക്കുന്നതിന് ഓരോ മന്ത്രിമാരെ വീതം പ്രത്യേകമായി ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | എന്തെല്ലാം പദ്ധതികളാണ് പ്രസ്തുത മിഷൻ വഴി നടപ്പാക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?? | (സി) | ലഹരിക്കെതിരെ യുവത്വം എന്ന സന്ദേശമുയർത്തി സംസ്ഥാനത്തെ മുഴുവൻ സ്കൂൾ- കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകളിലൂടെ വിവിധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. സ്കൂൾ ലഹരി വിരുദ്ധ ക്ലബ്ബുകളിലൂടെ ലഹരിക്കെതിരെയുള്ള പ്രചാരണ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി കൈയെഴുത്ത് മാസിക തയ്യാറാക്കൽ, സ്കൂൾ നോട്ടീസ് ബോർഡുകളിൽ ലഹരി വിരുദ്ധ സന്ദേശമടങ്ങിയ പോസ്റ്റർ തയ്യാറാക്കി പ തിക്കൽ, ലഹരി വിരുദ്ധ ക്ലബ്ബ് അംഗങ്ങൾക്കായുള്ള ക്വിസ്സ് മത്സരം, ഉപന്യാസം, ഗ്രൂപ്പ് ആക്റ്റിവിറ്റി മത്സരങ്ങൾ, ലഹരി വിരുദ്ധ ക്ലബ്ബ് കൺവീനർമാർക്ക് ശിൽപ്പശാല, വിമുക്തി തീം സോംഗ് തയ്യാറാക്കി ചിത്രീകരണം നടത്തൽ, SEARC ൽ അഡ്വാൻസ്ഡ് ട്രെയിനിംഗ് സെന്റർ& ഡിജിറ്റൽ തിയേറ്റർ, വിഷ്വൽ മീഡിയാ പരസ്യങ്ങൾ, എഫ്.എം റേഡിയോ വഴിയുള്ള ലഹരി |

| | | | |
|---|---|---|---|
| | | | വിരുദ്ധ പരസ്യ പ്രക്ഷേപണം, പാതയോരങ്ങളിൽ വിമുക്തി ഹോർഡിംഗ്സ് സ്ഥാപിക്കൽ, ആദിവാസി- തീരദേശ മേഖലകളിൽ പ്രത്യേക ബോധവത്ക്കരണ പ്രവർത്തനം, സ്പോർട്സ് ആക്ടിവിറ്റികൾ,ഔട്ട് റീച്ച് ആക്ടിവിറ്റികൾ, റസിഡൻഷ്യൽ അസോസിയേഷനുകൾ, ലൈബ്രറി കൗൺസിൽ എന്നിവ മുഖേനയുള്ള ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, കെ.എസ്.എഫ്.ഡി.സി യുടെ സഹകരണത്തോടെ ഷോർട്ട് ഫിലിം നിർമ്മാണം, ലഹരി വിരുദ്ധ സന്ദേശമുൾക്കൊള്ളുന്ന പോസ്റ്ററുകൾ, ആൽബങ്ങൾ, പരസ്യങ്ങൾ, വീഡിയോകൾ ആനിമേഷൻ എന്നിവ തയ്യാറാക്കി പ്രചരിപ്പിക്കൽ, ഡിജിറ്റൽ മീഡിയാ കാംമ്പയിൻ, മോഡൽ കൗൺസിലിംഗ് സെന്റർ സ്ഥാപിക്കൽ, എല്ലാ ജില്ലകളിലും ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ ഡി-അഡീക്ഷൻ സെന്റർ രൂപീകരണം, അട്ടപ്പാടി ഗവൺമെന്റ് ആശുപത്രിയിൽ ഡി-അഡീക്ഷൻ സെന്റർ ആരംഭിക്കുന്നതിന്റെ ആദ്യഘട്ട പ്രവർത്തനം, വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള ലഹരി വിരുദ്ധ പ്രവർത്തനം എന്നീ പദ്ധതികളാണ് 2017-18 വർഷത്തിൽ വിമുക്തി മിഷൻ വഴി നടപ്പിലാക്കുന്നത്. |

**സെക്ഷൻ ഓഫീസർ**